## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 1644

11.02.2013 - ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ പദ്ധതികളുടെ ബോധവത്ക്കരണ നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിലുള്ള ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ പ്രയോജനം താഴേത്തട്ടിൽവരെ എത്തിക്കുന്നതിനും, അവയുടെ ഗുണഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കേന്ദ്ര – സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ, സ്കോളർഷിപ്പുകൾ, ആനുകൂല്യങ്ങൾ തുടങ്ങിയവ കാര്യക്ഷമമായും വ്യാപകമായും ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി സംസ്ഥാനത്താകെ ആയിരം പ്രമോട്ടർമാരെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അപേക്ഷ ക്ഷണിക്കുകയും ഇതിൽ നിന്നും യോഗ്യരായവരെ കൂടിക്കാഴ്ച നടത്തി തെരഞ്ഞെടുക്കാനുള്ള പ്രക്രിയ നടന്നു വരുന്നു. കൂടാതെ ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചും, വകുപ്പിന്റെ വിവിധ പദ്ധതികളെക്കുറിച്ചും ബോധവത്ക്കരിക്കുന്നതിനുമായി 250 ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നതിന് രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകൾ, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മഹല്ല് ജമാഅത്തുകൾ എന്നിവയിൽ നിന്ന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന സംഘടനയ്ക്ക് ക്യാമ്പ് ഒന്നിന് സർക്കാർ 5000/- രൂപ ധനസഹായം നൽകും. |
| (ബി) ഇവർക്കായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; | (ബി) | ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ ന്യൂനപക്ഷ യുവജനതയ്ക്കായുള്ള കോച്ചിംഗ് സെന്ററുകൾ, മദ്രസ്സാധ്യാപക ക്ഷേമനിധി ഓഫീസ്, ജില്ലാ കളക്ടറേറ്റുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ന്യൂനപക്ഷ സെക്ഷനുകൾ എന്നീ സ്ഥാപനങ്ങളുണ്ട്. സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്, ഹോസ്റ്റൽ സ്റ്റൈപ്പന്റ് സ്കീമുകൾ, മദ്രസ്സാധ്യാപക ക്ഷേമനിധി പെൻഷൻ സ്കീം, ന്യൂനപക്ഷ പദ്ധതികളുടെ പ്രചരണത്തിനായി സംസ്ഥാന ത്തുടനീളം ആയിരം പ്രമോട്ടർമാരുടെ നിയമനവും |

250 ബോധവൽക്കരണ ക്യാമ്പുകളും, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 12 വയസ്സ് മുതൽ 20 വയസ്സ് വരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് ജില്ലാതലത്തിൽ വ്യക്തിത്വ വികസന ക്യാമ്പുകൾ എല്ലാ ജില്ലകളിലെയും കോച്ചിംഗ് സെന്ററുകളും, അവയ്ക്ക് ഉപകേന്ദ്രങ്ങളും, ന്യൂനപക്ഷ വനിതകളുടെ സ്വയംസഹായ സംഘങ്ങൾക്കുള്ള ധനസഹായം, സൈനിക / അർദ്ധ സൈനിക,പോലീസ് എന്നീ വിഭാഗങ്ങളിലെ വിവിധ തസ്തികകളിൽ ന്യൂനപക്ഷ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് അതുമായി ബന്ധപ്പെട്ട മത്സര പരീക്ഷകൾക്ക് കായികക്ഷമതാ പരിശീലനം എന്നീ പദ്ധതികളും സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കിവരുന്നു. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തു കഴിഞ്ഞു. കേന്ദ്ര ന്യൂനപക്ഷ വികസന മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ ന്യൂനപക്ഷ വനിതകളുടെ ശാക്തീകരണ പദ്ധതി, മൗലാനാ ആസാദ് എഡ്യൂക്കേഷൻ ഫൗണ്ടേഷൻ വഴിയുള്ള സാമ്പത്തിക സഹായം, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള മൗലാനാ ആസാദ് നാഷണൽ സ്കോളർഷിപ്പ്, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സൗജന്യ പരിശീലനവും അനുബന്ധ പദ്ധതികളും, പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, മെറിറ്റ് കം മീൻസ് സ്കോളർഷിപ്പുകൾ, ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ നടത്തുന്ന വിവിധ പദ്ധതികൾ, പ്രധാനമന്ത്രിയുടെ 15 ഇന പരിപാടി, ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നിവയും നടന്നു വരുന്നു.

(സി) കൂടുതൽ പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

(സി) വിവാഹബന്ധം വേർപ്പെടുത്തിയ ന്യൂനപക്ഷ വനിതകൾക്ക് പാർപ്പിട നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി, മുസ്ലീം യുവജനതയ്ക്കായി വിവാഹ പൂർവ്വ കൗൺസിലിംഗ്, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ, സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷകൾക്ക് തയ്യാറാകുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് അക്കാദമിയിലും, സമാനമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും പഠനം നടത്തുന്നതിനും ഫീസ് റീ-ഇമ്പേഴ്സ് ചെയ്യുകയും സ്റ്റൈപ്പന്റ് നൽകുകയും ചെയ്യുന്ന പദ്ധതി എന്നിവ പരിഗണനയിലാണ്,

സെക്ഷൻ ഓഫീസർ